## അദ്ധ്യായം അഞ്ച്

# സഭാ വളർച്ച

**(Church Growth)**

നിങ്ങളുടെ സഭ വളരണമെന്ന് പാസ്റ്റർ ആയ നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങളെപ്പോലെ, പാസ്റ്റർമാർക്കെല്ലാം ഉള്ള ഒരാഗ്രഹമാണിത്. എന്നാൽ ഒന്നു ചോദിച്ചോട്ടെ. എന്തിനാണ് നിങ്ങളുടെ സഭ വളരുന്നത്? *വളർച്ചയെ കാംക്ഷിക്കുന്നതിന്റെ പിന്നിലുള്ള നിങ്ങളുടെ യഥാർത്ഥ താത്പര്യമെന്താണ്?*

സഭയുടെ വളർച്ചയിൽ വിജയം ആസ്വദിക്കാനാണോ? ബഹുമാനിക്കപ്പെടാനും, തന്മൂലം സ്വാധീനം ഉാക്കുവാനുമാണോ? ആളുകളുടെ മേൽ നിങ്ങളുടെ ശക്തി പ്രയോഗിക്കാനാണോ? ധനം സമ്പാദിക്കാനാണോ? സഭാവളർച്ചയുടെ പിന്നിലുള്ള തെറ്റായ താത്പര്യങ്ങളാണിതെല്ലാം.

അനേകർ മാനസാന്തരപ്പെട്ടു ദൈവനാമം മഹത്വപ്പെടാൻ ഇടയായാൽ ആ സഭയുടെ വളർച്ചയുടെ ഉദ്ദേശം ശുദ്ധമാണെന്ന് കരുതാം.

സ്വർത്ഥതാത്പര്യങ്ങൾ നമ്മെയും നമ്മുടെ ലക്ഷ്യത്തേയും വിഢ്ഢി വേഷം കെട്ടിക്കുന്നു.

നമ്മുടെ ലക്ഷ്യം ശുദ്ധമാണെന്ന് എങ്ങനെ നിർണ്ണയിക്കാൻ കഴിയും? നാം ദൈവത്തിന്റെ രാജ്യമാണൊ, നമ്മുടെ രാജ്യമാണൊ പണിയുന്നതെന്ന് എങ്ങനെ തിരിച്ചറിയാം? മറ്റു പാസ്റ്റർമാരുടെ വിജയത്തിൽ നമുക്കുള്ള പ്രതികരണം എങ്ങനെയെന്ന് നാം തന്നെ ഒന്നു വീക്ഷിച്ചാൻ മതിയാകും. ദൈവത്തിന്റെ രാജ്യവും അവന്റെ സഭയും വളരുന്നതിൽ നമുക്ക് സ േന്താഷമുങ്കെിൽ നമ്മുടെ ലക്ഷ്യം ശുദ്ധമാണ്: എന്നാൽ മറ്റു സഭകളുടെ വളർച്ചയിൽ അസൂയ ഉടലെടുക്കുന്നെങ്കിൽ മനസ്സിലാക്കുക, നമ്മുടെ ലക്ഷ്യം ശുദ്ധമല്ല. നമ്മുടെ താത്പര്യം ദൈവത്തിന്റെ സഭയുടെ വളർച്ചയിലല്ല നമ്മുടെ സഭയുടെ വളർച്ചയിലാണ്. എന്താണിതിന് കാരണം? നമ്മുടെ ലക്ഷ്യത്തിൽ ഭാഗികമായെങ്കിലും നാം സ്വാർത്ഥരാണ് എന്നതാണ്.

നമ്മുടെ ദേശത്ത് ഒരു പുതിയ സഭ ഉാകുമ്പോൾ, ഉള്ളിൽ നമുക്ക് അതിനോടുള്ള പ്രതികരണം എന്തെന്ന് ഒന്ന് ശോധന ചെയ്താൽ മതി നമ്മുടെ ഉള്ളിലിരിപ്പ് നമുക്ക് തിരിച്ചറിയാൻ കഴിയും. നമുക്കൊരു അസ്വസ്തത ഉടലെടുക്കുന്നെങ്കിൽ കരുതിക്കൊള്ളുക നാം ദൈവത്തിന്റെ രാജ്യമല്ല, നമ്മുടെ രാജ്യമാണ് പണിയുന്നത്.

വലിയ സഭകളിലെ പാസ്റ്റർമാരെ ഇതേ രീതിയിൽ ശോധന ചെയ്യാൻ കഴിയും. ഞാൻ എന്റെ സഭയേയും കൂട്ടായ്മയേയും കളഞ്ഞിട്ട് പുതിയൊരു സഭ സ്ഥാപിക്കാനൊ? തന്മൂലം എന്റെ സഭയുടെ വളർച്ച മുരടിക്കാനൊ? ഈ ചോദ്യങ്ങൾ ഈ വലിയ സഭയിലെ പാസ്റ്റർമാർ ചോദിച്ചേക്കാം. ഈ പാസ്റ്റർമാർ ദൈവസഭയുടെ മഹത്വത്തിനു വേിയാണ് പ്രവർത്തിക്കുന്നത് (വേറൊരു വിധത്തിൽ പറഞ്ഞാൽ, ഇവർ മറ്റു ചെറിയ ചർച്ചുകൾ സ്ഥാപിക്കുന്നത് ദൈവനാമ മഹത്വത്തിനല്ല, അവരുടെ സ്വന്തം മഹത്വം വെളിപ്പെടുത്താനാണ്) ചെറിയ സഭയിലെ പാസ്റ്റർമാരോട് ചേർന്ന് ഞാൻ തരം താഴാനൊ? വെറും പന്ത്രു പേരുള്ള ഹൗസ് ചർച്ചിൽ ഞാൻ പോയി ശുശ്രൂഷിക്കാനൊ? അത് എന്റെ അന്തസ്സിന്[23] യോജിച്ചതാണൊ? ഇങ്ങനെ പല ചോദ്യങ്ങളും ഉള്ളിൽ നിന്നു പുറപ്പെടാം.

## സഭാവളർച്ചാ പ്രസ്ഥാനം
## (The Church Growth Movement)

സഭാവളർച്ചയെക്കുറിച്ചുള്ള അനേകം പുസ്തകങ്ങൾ അമേരിക്കയിലും കാനഡയിലും സുലഭമാണ്. ഇത് ലോകത്തെങ്ങും വ്യാപിച്ചുകൊിരിക്കുന്നു. സഭയിലെ ജനസംഖ്യ വർദ്ധിപ്പിക്കാൻ കാംക്ഷിക്കുന്ന പാസ്റ്റർമാർ മെഗാ ചർച്ച് പാസ്റ്റർമാരുടെ പിന്നാലെ അവരുടെ വളർച്ചയുടെ രഹസ്യം അറിയുവാൻ നെട്ടോട്ടം ഓടുകയാണ്.

ശിഷ്യന്മാരെ നേടുന്നതിനുള്ള അടിസ്ഥാന ഘടകം വൻ കെട്ടിടങ്ങളും ജനതിരക്കുള്ള വൻ സഭകളുമല്ല എന്ന് അല്പം വിവേകമുള്ള ഏതൊരു വ്യക്തിക്കും മനസ്സിലാക്കുവാൻ കഴിയും. വചനത്തെ വളച്ചൊടിച്ച് നിർമ്മിച്ച ചില നിയമത്തിന്റെ അടിസ്ഥാനത്തിൽ അമേരിക്കയിൽ ചില ചർച്ചുകൾ വമ്പിച്ച വളർച്ച പ്രാപിച്ചിട്ടു്. ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ പിന്നെ എന്തു വിശ്വസിച്ചാലും ഏതു രീതിയിൽ ജിവിച്ചാലും രക്ഷ നഷ്ടപ്പെടുകയില്ലായെന്ന ചില അമേരിക്കൻ പാസ്റ്റർമാരുടെ പഠിപ്പിക്കൽ ലോകത്തിന്റെ ഇതര ഭാഗത്തുള്ള പാസ്റ്റർമാർക്ക് ഞെട്ടൽ ഉളവാക്കുകയുായി. വെള്ളത്തിൽ മുങ്ങി പൊങ്ങിയാൽ പിന്നെ വിശുദ്ധിയില്ലെങ്കിലും സ്വർഗ്ഗത്തിൽ കടക്കാമെന്നു പുതിയ ചില അമേരിക്കൻ പാസ്റ്റർമാർ പഠിപ്പിക്കുന്നു്. സമ്പന്ന സുവിശേഷം എന്ന ഒരു പുത്തൻ സുവിശേഷം ജനത്തെ സമ്പത്തുാക്കാനുള്ള ദുരാഗ്രഹത്തിലേക്കു നയിക്കയും ഭൂമിയിൽ സമ്പത്തു വാരിക്കൂട്ടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള പാസ്റ്റർമാർ സഭയെ വളർത്തുവാൻ സ്വീകരിച്ച ഉപാധിയെ ഒരു കാരണവശാലും അനുകരിക്കാൻ പാടുള്ളതല്ല.

---

[23] . ഹൗസ് ചർച്ച് മോഡലിന്റെ മറ്റൊരു മെച്ചം ഇവിടെ കാണാം – തെറ്റിദ്ധാരണയുടെ പേരിൽ പാസ്റ്റർമാർ വലിയ കൂട്ടായ്മ ഉാകാൻ അദ്ധ്വാനിക്കുന്നില്ല. കൂട്ടായ്മകളെ ഹൗസ് ചർച്ച് രൂപത്തിൽ ക്രമപ്പെടുത്തുകയാണ്.

സഭയുടെ വളർച്ചയെ പ്രതിപാദിക്കുന്ന അനേകം പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടു്. അവയെക്കുറിച്ചു എനിക്ക് സമ്മിശ്ര വികാരമാണുള്ളത്. അതിൽ പലതും ഒരു പരിധിവരെ വചനാടിസ്ഥാനമുള്ളതും വായിക്കുവാൻ കാമ്യവുമാണ്. എന്നാൽ അതിൽ ഭൂരിഭാഗവും വചനാടിസ്ഥാനത്തിലുള്ള അധുനിക സഭയുടെ മാതൃകയായിരുന്നില്ല മറിച്ച് 1700 വർഷം മുമ്പ് സ്ഥാപിതമായ പാരമ്പര്യസഭകളുടെ മാതൃകയെ വിവരിക്കുന്നതായിരുന്നു. അതിന്റെ ലക്ഷ്യം ശിഷ്യന്മാരേയും, ശിഷ്യന്മാരെ വാർത്തെടുക്കുന്നവരേയും തന്മൂലം ക്രിസ്തുവാം സഭയേയും വളർത്തുകയായിരുന്നില്ല. മറിച്ച് സാമുദായിക കൂട്ടായ്മകളും വൻ കെട്ടിടങ്ങളും പ്രസ്താനങ്ങളുള്ള ബിസിന സ് മേഖലകൾ സൃഷ്ടിക്കുക യായിരുന്നു അതിന്റെ ലക്ഷ്യം.

കൂടുതൽ അംഗങ്ങളെ സഭയിൽ ചേർക്കുവാനുള്ള പുതിയ തന്ത്രങ്ങൾ ആധുനീക സഭകൾ മെനഞ്ഞുകൊിരിക്കുകയാണ്, യേശുവിനെ അനുഗമിക്കുവാൻ താത്പര്യമില്ലാത്ത ഒരു കൂട്ടത്തെ ചേർത്തുകൊ് സഭാശുശ്രൂഷ കൂടുതൽ ആകർഷകമാക്കപ്പെടുന്നു. എല്ലാവരേയും ആകർഷിക്കുന്ന ലളിതമായ സന്ദേശം, പ്രകടമല്ലാത്ത ആരാധന, വേുവോളം സാമൂഹ്യ പ്രവർത്തനങ്ങൾ, പണത്തെക്കുറിച്ച് പരാമർശം പോലുമില്ലാത്ത പ്രസ്താവനകൾ - ഇതൊക്കെയാണ് പുതിയ തന്ത്രങ്ങൾ. സ്വയം ത്യജിച്ച് യേശുവിന്റെ കല്പനകളെ പിൻപറ്റുന്ന ശിഷ്യന്മാരെ നേടാൻ ഇ പ്രസ്ഥാനത്തിന് കഴിയുകയില്ല.- ജാതികളിൽനിന്നും ഒരു വ്യത്യാസവും ഇല്ലാത്ത നരകത്തിന്റെ നേർവീഥിയിലുടെ നടന്നുനീങ്ങുന്നവരുടെ കൂട്ടത്തിൽ ക്രീസ്ത്യാനികൾ എന്ന ലേബൽ ഉള്ളവരായി ഇക്കൂട്ടരും നീങ്ങുകയാണ്. ഇത് ലോകത്തെ നേടുവാനുള്ള ദൈവത്തിന്റെ പദ്ധതിയല്ല സഭയെ തങ്ങളിലേക്ക് തട്ടിയെടുക്കുവാനുള്ള പിശാചിന്റെ തന്ത്രമാണ്. ഇത് സഭാ വളർച്ചയല്ല, ലോകത്തിന്റെ വളർച്ചയാണ്.

## അന്വേഷക സംവേദന മാതൃക
## (The Seeker Sensitive Model)

അമേരിക്കയിൽ നിലവിലുള്ള സഭാവളർച്ചാ തന്ത്രത്തെ അന്വേഷക സംവേദന മാതൃക എന്ന് വിളിക്കുന്നു. ഇതനുസരിച്ച് ഞായറാഴ്ചത്തെ പ്രഭാതവിശുദ്ധാരാധന നടത്തപ്പെടുന്നത് 1) രക്ഷിക്കപ്പെടാത്ത വ്യക്തികൾക്കും പങ്കുകൊള്ളാൻ പാകത്തിലുള്ളതാണ്, 2) സുവിശേഷം കേട്ടിട്ടില്ലാത്തവർക്ക് മനസ്സിലാകുന്ന പാകത്തിലുള്ളതാണ്. ആഴ്ചവട്ടത്തിന്റെ മദ്ധ്യത്തിലും മറ്റുമുള്ള ചെറിയ കൂട്ടങ്ങൾ വിശ്വാസികളെ ശിഷ്യന്മാരാക്കുന്നതിന് ഊന്നൽ നൽകിക്കൊു ള്ളതാണ്.

ഇപ്രകാരം ചില സഭകൾ വളരെ വളർച്ച പ്രാപിച്ചിട്ടു്. അമേരിക്കയിലെ ചില പ്രാമാണിക (സാമുദായിക) സഭകൾ സുവിശേഷം പ്രചരിപ്പിക്കുന്നതിലും ആളുകളെ ശിഷ്യപ്പെടുത്തുന്നതിലും കരുത്താർജ്ജിച്ചു

വരുന്നു. ഇവർ എല്ലാം ചെറിയ കൂട്ടങ്ങളായി സംയോജിക്കപ്പെടുകയും ചെയ്യുന്നു. സുവിശേഷത്തിന് ഒരനുരഞ്ജനവുമില്ല, മനുഷ്യന്റെ അഹന്തയെ തകർക്കുന്നതാണ് സുവിശേഷം. അന്വേഷകസംവേദന മാതൃക സഭകൾ രക്ഷിക്കപ്പെടാത്തവരെ നേടാൻ ഒരു തന്ത്രം തന്നെ വാർത്തെടുത്തിരിക്കുന്നു.

ഈ അമേരിക്കൻ അന്വേഷക സംവേദനമാതൃക സഭകളെ വചനാടിസ്ഥാനത്തിലുള്ള മാതൃകാസഭകളുടെ വളർച്ചയോടു എങ്ങനെ താരതമ്യപ്പെടുത്തുവാൻ കഴിയും?

ദൈവം അപ്പോസ്തലന്മാരേയും സുവിശേഷകന്മാരേയും വിളിച്ചു വേർതിരിച്ചു, ഭവനം തോറും സുവിശേഷം പ്രസംഗിച്ചു. അവിടെ അത്ഭുതങ്ങളും അടയാളങ്ങളും സംഭവിച്ചു. തന്മൂലം അവിശ്വാസികൾ സുവിശേഷത്തിലേക്ക് ആകർഷിക്കപ്പെട്ടു. സുവിശേഷം കേട്ടവർ അനുതപിച്ച് യേശുവിൽ വിശ്വസിച്ചു, അപ്പോസ്തലിക ഉപദേശങ്ങൾ കൈകൊു. എല്ലാവരും ഒരു ഭവനത്തിൽ കൂടിച്ചേരുകയും, ദൈവവചനം പ ഠിക്കുകയും,ആത്മിക കൃപാവരങ്ങൾ ജ്വലിപ്പിക്കുകയും, അപ്പം നുറുക്കുകയും, ഒരുമിച്ച് പ്രാർത്ഥിക്കുകയും ചെയ്തു പോന്നു. ഏവരും നേതൃത്വത്തിന് അടിമപ്പെട്ടിരുന്നു. ഉപദേഷ്ടാക്കളേയും, പ്രവാചകന്മാരേയും ദൈവം സഭകൾക്കു നൽകി. ഒരോരുത്തരും സുഹൃത്തുക്കളോടും അയൽക്കാരോടും സുവിശേഷം പങ്കുവച്ചു. സഭയുടെ വളർച്ചയെ മന്ദീഭവിപ്പിക്കുന്ന സഭാഹാളുകളുടെ പണിയോ, തന്മൂലം ഉായേക്കാവുന്ന ദൈവരാജ്യചൂഷണമൊ അവിടെ ഉായിരുന്നില്ല. സെമിനാരിയിലോ, ബൈബിൾ കോളേജുകളിലോ പഠിച്ച് നേതൃത്വം പരിശീലിക്കുന്നവരേക്കാൾ വേഗത്തിൽ ഇവിടെ നേതൃത്വപരിശീലനം അഭ്യസിച്ചു. സഭ വേഗത്തിൽ വളരാൻ ഇതു കാരണമായി.

അന്വേഷക സംവേദന മാതൃകയിൽ അത്ഭുതങ്ങളും അടയാളങ്ങളുമില്ല. പ്രചരണമാദ്ധ്യമങ്ങളും കുറയും, ഒരു പ്രത്യേക സ്ഥലത്തേക്ക് സുവിശേഷം കേൾക്കാൻ ക്ഷണിക്കപ്പെടുന്നു. പ്രസംഗകന്റെ കഴിവും, പാണ്ഡിത്യവും കേൾവിക്കാരന്റെ പരിവർത്തനത്തിന് ആധാരമായി മാറുന്നു. നിങ്ങളുടെ വിശ്വാസത്തിന് മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തിതന്നെ ആധാരമാക്കിയിരിക്കേതിന് എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടേയും പ്രദർശനത്താലത്രേ ആയിരുന്നത് (1കൊരി. 2:4-5). ഇങ്ങനെ പ്രസംഗിച്ച പൗലോസിന്റ വീക്ഷണത്തിൽ നിന്നും, പൗലോസ് അവലംഭിച്ച മാർഗ്ഗം തികച്ചും വ്യത്യസ്തമായിരുന്നു എന്ന് മനസ്സിലാക്കാം.

## വ്യത്യസ്തകൾ വീും
## (More Differences)

ഈ അന്വേഷക സംവേദന മാർഗ്ഗത്തിൽ സുവിശേഷകനോ, അപ്പോസ്തലനോ പങ്കില്ല. കാരണം തുടക്കത്തിലെ പാസ്റ്ററാണ് പ്രേരകശക്തി. സഭയുടെ വളർച്ചയുടെ പൂർണ്ണത കൈവരിക്കാൻ അപ്പോസ്തലന്മാരേയും സുവിശേഷകന്മാരേയും സുവിശേഷത്തിന്റെ ചുമതലതന്നെയും ഒഴിവാക്കി, ആ ഉത്തരവാദിത്വം കൂടി പാസ്റ്റർക്കു നൽകി, സഭ വളർച്ച ആർജ്ജിക്കുകയാണൊ ഇതിലുടെ ഉദ്ദേശിക്കുന്നത്?[24]

അന്വേഷക സംവേദക മാതൃക പിൻപറ്റുന്ന പാസ്റ്റർ, സൺഡേ സർവ്വീസ്സിൽ ആഴ്ചയിൽ ഒരിക്കൽ ശുശ്രൂഷിക്കുകയും, അവിശ്വാസികളെ കൂട്ടി വരുത്താൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. തന്മൂലം അവിശ്വാസികളുടെ കൂട്ടത്തിൽ വിശ്വാസിക്ക് ആഴ്ചയിൽ ഒരിക്കൽ ശുശ്രൂഷ അനുഭവിക്കുവാൻ കഴിയുന്നു. ഈ അവിശ്വാസികളായ ജനം വിശ്വാസികളുടെ പ്രേരണയാൽ ആലയത്തിൽ വരുന്നു. വചനത്തിന്റെ അടിസ്ഥാനത്തിലുള്ള മാതൃകയനുസരിച്ച് അപ്പോസ്തലന്മാരും, സുവിശേഷകന്മാരും പൊതുസ്ഥലത്തും സ്വകാര്യസ്ഥലത്തും തുടർച്ചയായി സുവിശേഷം പ്രസംഗിക്കുന്നു. വിശ്വാസികൾ സുഹൃത്തുക്കളോടും, അയൽക്കാരോടും സുവിശേഷം പങ്കുവെയ്ക്കുന്നു. രക്ഷിക്കപ്പെടാൻ ഈ ര് മാതൃക കളിൽനിന്നും വ്യത്യസ്തമായ ഏതു മാതൃകയാണുള്ളത്?

അന്വേഷകസംവേദകമാതൃകക്ക് ആലയങ്ങൾ അത്യാവശ്യമാണ്. ക്ഷണിക്കുന്ന വിശ്വാസിയുടേയും, ക്ഷണിക്കപ്പെടുന്ന അവിശ്വാസിയുടേയും ന ിലവാരം താഴാത്ത രീതിയിലുള്ളതായിരിക്കണം ഈ ആലയങ്ങൾ. ഇതിന് സാമ്പത്തിക ഭദ്രത ഉായിരിക്കണം. സുവിശേഷം പ്രചരിപ്പിക്കുന്നതിനുമുമ്പ് തന്നെ നല്ല ആരാധനാലയം പണിയപ്പെടേതു്. അമേരിക്കയെ സംബന്ധിച്ചിടത്തോളം, ഈ ആലയം നല്ല സ്ഥലത്തും സമ്പന്നർ പ ാർക്കുന്നിടത്തും ആയിരിക്കണം. എന്നാൽ വചനാടിസ്ഥാനത്തിലുള്ള മാതൃകാസഭക്ക് പ്രത്യേകം കെട്ടിടങ്ങളോ, സ്ഥലമോ പണമോ ആവശ്യമില്ല.

---

24 . സുവിശേഷകന്മാരും, ഉപദേഷ്ടാക്കന്മാരും, പ്രവാചകന്മാരും, അപ്പോസ്തലന്മാരും, ഇന്ന് സഭയിൽ ഇല്ലാതായിപ്പോയതിന്റെ കാരണം ഇതാണ്. ദൈവം ദാനമായി നൽകിയ ശുശ്രൂഷകൾ ചെയ്യുവാൻ ഇന്ന് പലർക്കും ആലയങ്ങളിൽ വേദികളില്ല, തന്മൂലം ഇവരുടെ ശുശ്രൂഷയിലൂടെ വെളിപ്പെട്ടുവരേ ആത്മിക അനുഗ്രഹങ്ങൾ വചനത്തിന്റെ ഘടനയിൽ രൂപീകരിക്കപ്പെട്ട സഭാവിശ്വാസികൾക്ക് ലഭിക്കാതെ പോകുന്നു. വിളിക്ക് യോഗ്യമായ രീതിയിൽ ഫലം കായിക്കേതിനു പകരം ഓരാരുത്തർ തങ്ങൾക്ക് തോന്നിയതുപോലെ സാമുദായിക സഭകളിലൂടെ തങ്ങളുടെ തന്നെ രാജ്യം സ്ഥാപിതമാക്കാൻ ശ്രമിക്കുന്നു. തങ്ങളുടെ സഭയിലെ വിശ്വാസികളുടെ ദശാംശം സഭാ ശുശ്രൂശകന് അവകാശപ്പെട്ടിരിക്കുന്നതിനാൽ ആ സമ്പത്ത് ആലയത്തിന്റെ നിർമ്മാണത്തിനും, മറ്റും ഉപയോഗിക്കപ്പെടുന്നു. അതുകൊ്, പാസ്റ്റർമാരല്ലാത്ത ശുശ്രൂഷകന്മാർ, സാമ്പത്തീക സഹായം ലഭിക്കേതിന് പാസ്റ്ററെ ആശ്രയിക്കേിവരുന്നു.

ഞായറാഴ്ചകളിൽ ആരാധനാലയങ്ങളിൽ മാത്രം ഒതുങ്ങിക്കൂടേതല്ല സുവിശേഷം.

## വീും വീും വ്യത്യസ്തകൾ
## (Still More Differences)

ചില അന്വേഷക സംവേദക ചർച്ചുകളെ വചനാടിസ്ഥാനത്തിലുള്ള ചർച്ചുകളുമായി താരതമ്യം ചെയ്യുമ്പോൾ, വലിയ വ്യത്യാസങ്ങൾ കാണുവാൻ കഴിയും.

അനുതപിച്ച് യേശുക്രിസ്തുവിൽ വിശ്വസിച്ച് സ്നാനപ്പെടാൻ സുവിശേഷകന്മാരും അപ്പോസ്തലന്മാരും ജനത്തെ ആഹ്വാനം ചെയ്തിരുന്നതായി അപ്പോസ്തല പ്രവർത്തികളിൽ കാണുന്നു. മാനസാന്തരപ്പെട്ടവർ ലൂക്കോസ 14:26–33ലും യോഹന്നാൻ 8:31–32ലും പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ പാലിച്ച് യേശുവിന്റെ ശിഷ്യന്മാരാകേതാണ്. യേശുവിനെ സ്നേഹിച്ച്, അവന്റെ വചനം പ്രമാണിച്ച് ക്രൂശ് എടുത്ത്, എല്ലാം ത്യജിച്ച് ക്രിസ്തുവിന്റെ നല്ല ഭടന്മാരായി ദൈവത്തിനായി കഷ്ടം സഹിക്കാൻ തയ്യാറുള്ളവരായിരിക്കണം.

എന്നാൽ അന്വേഷക സംവേദന ചർച്ചിൽ ഉയർത്തിപ്പിടിക്കുന്ന സുവിശേഷത്തിന്റെ മാതൃക വ്യത്യസ്തമാണ്. പാപികളായവരെ ദൈവം സ്നേഹിക്കുന്നു, പാപം വിട്ടൊഴിഞ്ഞ് രക്ഷയിൽ ജീവിക്കുന്നതുകൊ് അവരുടെ ആവശ്യങ്ങളെ എങ്ങിനെ പ്രാപിക്കാം എന്നൊക്കെയാണ് അവിടെ പഠിപ്പിക്കുന്നത്. രക്ഷയുടെ പ്രാർത്ഥനാവാചകം ഏറ്റുചൊല്ലി രക്ഷിക്കപ്പെട്ട വരാണെന്ന് അവകാശപ്പെടുന്നു. എന്നാൽ ശിഷ്യത്വത്തിന്റെ അവകാശത്തിന് അർഹതയില്ലാതെ അവർ രക്ഷിക്കപ്പെട്ടവരുടെ ഗണത്തിൽ മാത്രം ഉൾപ്പെട്ടിരിക്കുന്നു. എങ്കിലും ക്രിസ്തുവിൽ വളരാൻ അർഹതയുള്ളവർ തന്നെ എന്ന് അവരെ പഠിപ്പിക്കുന്നു.

ഇക്കൂട്ടർ സാമുദായിക സഭയുടെ ഭാഗമായി കർത്താവിന്റെ കല്പനകൾ പ്രമാണിക്കുന്നതിനുപകരം, സാമൂദായിക സഭയുടെ നിയമപ്രമാണങ്ങൾ പഠിച്ച് വളരുന്നു. ഇങ്ങനെ ശിഷ്യത്വം പ്രാപിച്ച വിശ്വസി അവസാനം സഭക്ക് ദശാംശം കൊടുക്കുവാൻ ആരംഭിക്കുന്നു (പ്രമാണത്തിൽ ദൈവം കല്പിച്ചത് കൊടുക്കാതെ, കല്പിക്കാത്തത് അധികം കൊടുക്കുന്നു). തന്മൂലം തന്റെ ശുശ്രൂഷയെ കത്തെുകയും വളരെ ഉത്സാഹത്തോടെ പ്രാദേശിക സാമുദായിക സഭയെ പരിപോഷിപ്പിക്കുക എന്ന വചനത്തിൽ പ്രതിപാദിച്ചിട്ടില്ലാത്ത കല്പന പ്രമാണിക്കുന്ന ഒരുവനായി മാറുന്നു.

ഒരു രാജ്യത്തിന്റെ ഭരണകൂടം പടയാളികളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ സീക്കർ സെൻസിറ്റീവ് മാതൃക അവലംബിച്ചാൽ ഫലം എന്തായിരിക്കും? പടയാളികളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിയമം ബാധകമല്ല – അർഹതപ്പെട്ട ശമ്പളം കൈപ്പറ്റിക്കൊള്ളുക. ഒരു നിയമവും അവരുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്നില്ല. രാവിലെ ഇഷ്ടമുള്ളപ്പോൾ

ഉറക്കത്തിൽ നിന്ന് ഉണരാം, കായിക അദ്ധ്വാനത്തിനു പകരം ടി.വി.പ്രോഗ്രാം കാണാം, യുദ്ധ സമയത്തിന് യുദ്ധക്കളത്തിൽ പോകുന്നതിനു പകരം ബീച്ചിൽ പോകാം - ഇങ്ങനെയുള്ള സ്വാതന്ത്ര്യം ഒരു പടയാളിക്ക് ഉങ്കിൽ ആ രാജ്യത്തിന്റെ ഗതി എന്തായിരിക്കും.

അവരുടെ സൈനിക ശക്തി ശോഷിക്കുന്നില്ല. എന്നാൽ സൈന്യം അവരുടെ ഉത്തവാദിത്വം നിറവേറ്റുന്നതിൽ പരാജയപ്പെടുന്നു ഇതേ അനുഭവമാണ് സീക്കർ സെൻസിറ്റീവ് ചർച്ചിന്റേയും. നിയമത്തിന്റെ നിലവാരം കുറയുമ്പോൾ ആരാധനയ്ക്കു വരുന്നവരുടെ അംഗസംഖ്യ കൂടും, എന്നാൽ ശിഷ്യത്വവും അനുസരണയും കുറയും. അന്വേഷണ സംവേദന സഭകൾ ഞായറാഴ്ചകളിൽ സുവിശേഷവും ഇടനാളുകളിൽ ശിഷ്യത്വവും പ്രസംഗിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ മാത്രമേ സ്വർഗ്ഗരാജ്യം അവകാശമാക്കുകയുള്ളു. ഈ സത്യം അറിയുമ്പോഴാണ് ജനം അവർ വഞ്ചിക്കപ്പെട്ടു എന്നറിയുന്നത്. ശിഷ്യത്വവും, അനുസരണയും യഥേഷ്ടം തിരഞ്ഞെടുക്കാനുള്ളതാണെന്ന് ബോദ്ധ്യമാകുന്നതിലൂടെ ഈ വഞ്ചന പ ൂർണ്ണമാകുന്നു.[25]

വചനാടിസ്ഥാനത്തിലുള്ള മാതൃക അനുസരിക്കുകയും, അനുസരിക്കാതിരിക്കുകയും ചെയ്യുന്ന സഭകൾ ഉ്. ശിഷ്യന്മാരേയും ശിഷ്യന്മാരെ നേടുന്നവരേയും വാർത്തെടുക്കുന്നതിൽ വചനാടിസ്ഥാനത്തിൽ നിലകൊള്ളുന്ന സഭകൾ വിജയം വരിക്കുന്നു.

വചനാടിസ്ഥാനത്തിലുള്ള മാതൃകയെ എന്തുകൊ് പിൻതുടരുന്നില്ല? ഇതിനുകാരണമായി പലതും പറയാമെങ്കിലും, പാരമ്പര്യവും, അവിശ്വാസവും അനുസരണക്കേടുമാണ് മുഖ്യകാരണമെന്ന് കാണാൻ കഴിയും. ആധുനിക ലോകത്തിൽ വചനാടിസ്ഥാനത്തിലുള്ള മാതൃക അസാദ്ധ്യമാണെന്ന് പ ലരും പറയുന്നു. എന്നാൽ വചനാടിസ്ഥാനത്തിലുള്ള മാതൃക പലരും പ ിൻതുടരുന്നു എന്നതാണ് വാസ്തവം. കഴിഞ്ഞ 50 വർഷങ്ങൾക്കുള്ളിൽ ചൈനയിൽ ഉായ സഭയുടെ വളർച്ച ഇതിന് ഉദാഹരമാണ്. ചൈനയിൽ ദൈവം വ്യത്യസ്തനാണോ?

ഭൂലോകത്തെങ്ങും വളർന്നുകൊിരിക്കുന്ന അമേരിക്കൻ സഭാ മാതൃകയെക്കുറിച്ച് ലോകത്തെമ്പാടുമുള്ള പാസ്റ്റർമാർ ജാഗ്രതയുള്ള വരായിരിക്കണം. വചനാടിസ്ഥാനമാതൃകയെ പിൻപറ്റിയാൽ ശിഷ്യന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തെ പൂർത്തീകരിക്കാൻ കഴിയും.

---

25 . ലൂക്കോ 14:26-33ൽ യേശുവിന്റെ ശിഷ്യന്മാർക്കുായിരിക്കേ യോഗ്യതകളും അനുസരിക്കേ കല്പനകളും വിവരിക്കപ്പെട്ടിരിക്കുന്നു. രക്ഷിക്കപ്പെട്ട, വിശ്വാസ ജീവിതത്തിൽ കഴിയുന്ന വിശ്വാസികൾക്ക് വേിയല്ല ഈ ഉപദേശം. അവരുടെ ആത്മികയാത്രയിൽ ആർജ്ജിക്കേ ആത്മിക വളർച്ചയുടെ രാമത്തെ പടിയായി ഇതിനെ കണക്കാക്കാം. ശിഷ്യരാകുക തന്മൂലം രക്ഷ കരസ്തമാക്കുക - എന്ന് പുരുഷാരത്തോടുള്ള ആഹ്വാനമാണ് - അന്വേഷണ സംവേദന സഭകളിൽ പഠിപ്പിക്കുന്നത് ഇതിന് വിപരീതമാണ്.

## അനന്തര ഫലങ്ങൾ
## (The Aftermath)

പല പാസ്റ്റർമാർക്കും സഭാ വളർച്ചയെക്കുറിച്ചുള്ള ഉപദേശം ലഭിച്ചിട്ടില്ല. ഭൂരിപക്ഷം പാസ്റ്റർമാരും നൂറിൽ താഴെ വിശ്വാസികൾ ഉള്ളവർ മാത്രമാണ്. സഭാ വളർച്ചക്ക് ആവശ്യമായ പലഘടകങ്ങളും പ ാസ്റ്റർമാരുടെ നിയന്ത്രണത്തിന് അപ്പുറമാണെന്ന് പലരും വിശ്വസിക്കുന്നില്ല. അവയിൽ ചിലത് നമുക്ക് പരിശോധിക്കാം.

പ്രാദേശിക ജനസംഖ്യയുടെ അനുപാതത്തിലാണ് സഭയുടെ വളർച്ച. കൂടുതൽ ജനസംഖ്യയുള്ള സ്ഥലങ്ങളിൽ സാമുദായിക സഭകൾ അധികം വളർച്ച പ്രാപിച്ചിട്ടു്. സഭയുടെ വളർച്ചയുടെ മാനദണ്ഡം അംഗസംഖ്യയാണെന്ന് പൊതുവെ ഒരു ധാരണയു്. എന്നാൽ സഭയുടെ വിജയം നിലകൊള്ളുന്നതു പൊതുവിലുള്ള പ്രദേശിക അംഗസംഖ്യയല്ല. ആ സഭ നിലകൊള്ളുന്ന പ്രദേശത്തെ ജനസംഖ്യയുടെ അനുപാതത്തിലാണ്.

ജനസംഖ്യ അമ്പതുള്ള ഒരു പ്രദേശത്തെ പത്തുപേർ അടങ്ങുന്ന സഭ, അഞ്ചു ലക്ഷം ജനസംഖ്യയുള്ള പതിനായിരം പേർ അടങ്ങുന്ന സഭയെക്കാൾ വിജയപ്രദമാണ് (പത്തുപേരുള്ള ഈ സഭയിലെ പാസ്റ്ററെ സഭാ വളർച്ചക്കുവേി നടത്തപ്പെടുന്ന കൺവൻഷനിൽ പ്രസംഗിക്കാൻ ആരും ക്ഷണിക്കാറില്ലായെന്നതാണ് വാസ്തവം).

## സഭാവളർച്ചയെ തടയുന്ന രാമത്തെ ഘടകം
## (A Second Limiting Factor to Church Growth)

രാമതായി, ഒരു പ്രദേശത്ത് സുവിശേഷത്തോടു താത്പര്യമുള്ള ജന ങ്ങളുടെ അംഗബലം സഭാവളർച്ചയെ സ്വാധീനിക്കുന്നു. എവിടെയും സുവിശേഷത്തോടു താത്പര്യമുള്ള ചിലർ ഉായിരിക്കും. ഈ താത്പര്യമുള്ള വ്യക്തികൾ സുവിശേഷത്തിന്റെ പരിധിക്കുള്ളിൽ ആയിത്തീർന്നാൽ, സഭാ വളർച്ച അതോടെ അവസാനിക്കുന്നു.

സുവിശേഷത്തോടു താത്പര്യമില്ലാത്തവർ, വിശ്വാസ ജീവിതത്തിലേക്ക് കടന്നുവരണമെങ്കിൽ തീർച്ചയായും പരിശുദ്ധാത്മാവിന്റെ സ്വാധീനം വേണം. തന്മൂലം അവിശ്വാസികൾ വിശ്വാസത്തിൽ വരികയും സഭ വളർച്ച പ്രാപിക്കുകയും ചെയ്യും.

ഇങ്ങനെ കൂട്ടമായി ജനം സുവിശേഷത്തിൽ വിശ്വസിക്കുമ്പോൾ ഉണർവ്വ ഉായി എന്നു പറയാം. ഒരു വ്യക്തി സുവിശേഷത്തിൽ വിശ്വസിച്ച് രക്ഷ സ്വീകരിക്കുന്നതും ഉണർവ്വായി കണക്കാക്കാം, ചെറിയ ഒരുണർവ്വ്! ഒരു വ്യക്തിയുടെ മാനസാന്തരം പോലും വലിയ ഉണർവിന് കാരണമാകാം. അതുകൊ് ഒരു ചെറിയ തുടക്കം പോലും ഒരു വലിയ ഉണർവ്വിന്റെ ആരംഭമാകാം.

വചനം സ്വീകരിക്കാൻ മടിയുള്ള വചനത്തോട് താത്പര്യമുള്ള ഒരു വ്യക്തിപോലും ഇല്ലാത്ത പട്ടണങ്ങളിലേക്കാണ് യേശു തന്റെ ശിഷ്യന്മാരെ അയച്ചത് (ലൂക്കോ 9:5) ആ ശിഷ്യന്മാർക്ക് വിജയം കൈവരിക്കാൻ കഴിഞ്ഞില്ലായെന്നാണൊ? അല്ല. ആരേയും മാനസാന്തരപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിലും (സഭയ്ക്ക് വളർച്ച ലഭിച്ചില്ലെങ്കിലും) അവർ യേശുവിനെ അനുസരിച്ചു എന്നത് ഒരു വിജയം തന്നെയാണ്.

ഇതുപേലെ ചുരുക്കം ചിലരെ മാത്രമേ സുവിശേഷത്തിലേക്കു നയിക്കാൻ കഴിയുകയുള്ള എന്നു മുൻ അറിഞ്ഞുകൊുതന്നെ, ഇതാ യേശു സുവിശേഷകരെ ചിലദേശങ്ങളിലേക്ക് അയയ്ക്കുന്നു. വിശ്വസ്തതയോടെ ഒരു ചെറിയ കൂട്ടത്തെ പരിപാലിക്കുന്ന ഒരു ഇടയൻ വലിയ സഭാപരിപാലകന്മാരുടെ ദൃഷ്ടിയിൽ പരാജിതനാണെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ വിജയിയാണ്.

മദ്ധ്യസ്ഥപ്രാർത്ഥനയാലും, ദൈവകൃപയാലും ജാതികളെ വിശ്വാസത്തിലേക്ക് നയിക്കുവാൻ തനിക്ക് കഴിയുമെന്ന് ഒരു ഇടയൻ പ ൂർണ്ണമായി വിശ്വസിക്കണം. ഒരുവനെ വിശ്വാസത്തിലേക്കു നയിക്കുവാൻ സുവിശേഷകന് തന്റെ മാനസാന്തരവും, സാക്ഷ്യവും, തനിക്കു ലഭിച്ച ആത്മവരങ്ങളും ഉപയോഗിക്കണം. അതുകൊ് ഒരു പാസ്റ്റർ അനുസരണയും, പ്രാർത്ഥനയും ഉപദേശവും തുടർന്നുകൊിരിക്കണം. ഒരു വലിയ ഉണർവ്വിനുമുമ്പ്, ഒരു ചെറിയ ഉണർവ്വിന്റെ ആവശ്യത്തെക്കുറിച്ച് ബോധവാന ായിരിക്കണം. ഉണർവ്വിന്റെ സ്വപ്നം തുടർന്നും കുകൊായേിരിക്കുക.

## സഭാ വളർച്ചയ്ക്കുള്ള മൂന്നാമത്തെ ഘടകം
## (A Third Limiting Factor to Church)

സഭയുടെ വളർച്ച അവിടുത്തെ പാസ്റ്ററുടെ കഴിവിന്റെ അടിസ്ഥാനത്തിൽ നിക്ഷിപ്തമാണ്. മിക്ക പാസ്റ്റർമാർക്കും ഒരു വലിയ കൂട്ടായ്മയെ നയിക്കുവാനുള്ള പ്രാഗത്ഭ്യം ഇല്ല. ഒരു വലിയ കൂട്ടായ്മയെ ന യിക്കുവാൻ ആവശ്യമായ ഭരണപരമായ, ഉപദേശപരമായ, വചനം പകർന്നു കൊടുക്കുവാൻ ആവശ്യമായ താലന്തുകൾ ഇല്ലാത്തതിനാൽ കൂട്ടായ്മ നടക്കുമ്പോൾ വളരേതിനുപകരം തളരുന്നതായി കാണാം. അവരെ ദൈവം യഥാർത്ഥത്തിൽ ഈ ഇടയ ശുശ്രൂഷക്കായി വിളിച്ചിട്ടില്ല എന്നതാണ് സത്യം. ദൈവം അവർക്ക് ഹൗസ് ചർച്ചോ, ചെറിയ കൂട്ടായ്മയോ നടത്താനുള്ള കഴിവുകളെ നൽകിയിട്ടുള്ളു.

അമേരിക്കയിലെ ഒരു വലിയ സഭയിലെ സീനിയർ പാസ്റ്റർ എഴുതിയ ഒരു ബുക്ക് അടുത്ത കാലത്ത് വായിക്കുവാൻ ഇടയായി. യുവപാസ്റ്റർക്ക് വളർച്ചയുടെ പടവുകൾ എങ്ങനെ ചവിട്ടിക്കയറാം എന്ന് സ്വന്തം അനുഭവം കൂട്ടിച്ചേർത്ത് എഴുതപ്പെട്ട ആ പുസ്തകം വായിച്ചപ്പോൾ എങ്ങിനെ ഒരു നല്ല പാസ്റ്റർ ആകാം എന്നല്ല, മറിച്ച് എങ്ങനെ ഒരു വലിയ സംഘടനയുടെ മേലധികാരിയാകാം എന്ന് പഠിപ്പിക്കുന്ന ഒരു പുസ്തകമായിട്ടാണ് എനിക്ക്

തോന്നിയത്, അമേരിക്കയിലെ മെഗാ ചർച്ച് സീനിയർ പാസ്റ്റർക്ക് മറ്റൊന്നും പറയാനില്ല. അനേകം സഹായികളുള്ള അദ്ദേഹത്തിന് അവരെ നടത്തിക്കൊു പോകുന്നതുതന്നെ ഒരു പൂർണ്ണസമയ ജോലിയാണ്. ഞാൻ വായിച്ച ആ ബുക്കിന്റെ ഗ്രന്ഥകർത്താവ് ഒരു വലിയ സംഘടനയുടെ ചുക്കാൻ പിടിക്കാൻ തക്ക നൈപുണ്യമുള്ളവനായിരുന്നു (ആയതിലേക്ക് താൻ അനേക വ്യവസായ പ്രമുഖന്മാരുടെ വിദഗ്ദ ഉപദേശം തേടിയതായി രേഖപ്പെടുത്തിയിരിക്കുന്നു). അദ്ദേഹത്തോളം നൈപുണ്യം സിദ്ധിച്ച മറ്റൊരാൾ അദ്ദേഹത്തിന്റെ സംഘടനയിൽ ഉാകാൻ സാദ്ധ്യതയില്ല.

ഈ വലിയ കൂട്ടായ്മയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ, തന്നിൽ വന്നു കൂടിയ നിർണ്ണായകമായ തെറ്റുകളും കുറ്റങ്ങളും വളരെ അധികമായിരുന്നെന്നും ഈ എഴുത്തുകാരൻ ഓർക്കുന്നു. എന്നാൽ ദൈവകൃപയാൽ ആദ്ദേഹം അതിനെ അതിജീവിച്ചു. വളർച്ചക്കുവേി പ ാസ്റ്റർമാർ പ്രവർത്തിക്കുമ്പോൾ വന്നുചേരുന്ന തെറ്റുകളേയും കുറ്റങ്ങളേയുംകുറിച്ച് ഈ പുസ്തകം എന്നെ ഓർമപ്പെടുത്തി. സഭാ പ രിപാലനത്തിനും വളർച്ചക്കും പൂർണ്ണസമയം അദ്ധ്വാനത്തിൽ ഏർപ്പെട്ടതിന്റെ ഫലമായി തന്റെ കുട്ടികളെ നഷ്ടപ്പെടുകയും കുടുംബ ജീവിതം നശിക്കുകയും ചെയ്ത ചില പാസ്റ്റർമാരെ എനിക്കറിയാം. ശാരീരികക്ലേശത്താൽ ശുശ്രൂഷ തകർന്നുപോയ ചില പാസ്റ്റർമാർ ഉ്. പരാജയം ഏറ്റുവാങ്ങി ശുശ്രൂഷതന്നെ ഉപേക്ഷിച്ച പലരേയും എനിക്കറിയാം – എന്നാൽ ഇതിനെയെല്ലാം അതിജീവിച്ച് നിലനിന്നവരുമു്. മറ്റുചിലർ തങ്ങളുടെ അമാനുഷിക ത്യാഗത്തിന് തക്കഫലം ലഭിച്ചോ എന്ന് പരിഭവിച്ച് ജീവിക്കുന്നവരുമു്.

ഇത് വായിച്ചപ്പോൾ എന്റെ ഉള്ളിൽ അനേകം ചിന്തകൾ ഉയർന്നുവന്നു. ആധുനിക സഭയും പ്രാചീനസഭയും തികച്ചും വ്യത്യസ്തമാണെന്ന് മനസിലായി. 25ൽപരം വിശ്വാസികൾ ഉള്ള സഭയുടെ വളർച്ചയിൽ അവിടുത്തെ പാസ്റ്റർക്ക് വലിയ ഉത്തരവാദിത്വമില്ലായെന്നും മന സ്സിലായി. തന്റെ സഭ വിശ്വാസികളുടെ എണ്ണത്തിൽ കുറവാണെന്ന് പരിഭവം പറയുന്ന ശുശ്രൂഷകന്മാർ അരുടെ ശുശ്രൂഷയെ വചനത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയും ചെയ്യേതാണ്. അവരുടെ സഭയിൽ 50 പേർ ഉങ്കിൽ ആ സഭ വലിയ സഭയാണ്. നേതൃത്വത്തിന് പക്വതയുള്ളവർ അവിടെ ഉങ്കിൽ ആ സഭയെ പ്രാർത്ഥനയോടെ മൂന്ന് ഹൗസ് ചർച്ചുകളായി തിരിച്ച്, നിലവിലുള്ള കെട്ടിടം വിറ്റ്, ശിഷ്യന്മാരെ നേടുക എന്ന ലക്ഷ്യത്തോടെ ദൈവവഴിയിൽ പ്രവർത്തിച്ച് ദൈവരാജ്യത്തിനായി പ്രവർത്തിക്കണം.

ഇത് വൈരുദ്ധ്യമുള്ളതായി തോന്നുന്നെങ്കിൽ, ഭാവിയിൽ നേതൃത്വ പാടവമുള്ളവരെ ശിഷ്യന്മാരാക്കി പുതിയ ഗ്രൂപ്പുകൾ തുടങ്ങി നിലവിലുള്ള ചെറിയ ഗ്രൂപ്പുകളെ സ്വാതന്ത്ര്യത്തോടെ ഭവന ആലയങ്ങളാക്കി മാറ്റുവാൻ ശ്രമിക്കുകയും ചെയ്യാവുന്നതാണ്. എന്തു സംഭവിക്കുമെന്ന് കാണാമല്ലോ?

## സഭാ വളർച്ചയുടെ മറ്റു പ്രായോഗിക വശങ്ങൾ
## (Other Modern Church Growth Techniques)

സഭയുടെ വളർച്ചക്ക് ആധാരമായ അനവധി പ്രായോഗിക രീതികൾ ഇന്ന് നിലവിലു്. ആത്മീക പോരാട്ടം എന്ന തലക്കെട്ടിൽ പെടുത്താവുന്ന ഈ രീതികൾ ഒന്നുംതന്നെ വചനാടിസ്ഥാനത്തിൽ രൂപപ്പെട്ടതല്ല. കോട്ടകളെ തകർക്കുക. പോരാടി പ്രാർത്ഥിക്കുക. ആത്മീക പോർവിളി എന്നൊക്കെ വിവിധ പേരുകളിൽ ഇത് പ്രചാരം നേടിക്കൊിരിക്കുന്നു.

ആത്മീക പോരാട്ടത്തെക്കുറിച്ചുള്ള ഈ പ്രായോഗിക വശങ്ങളെക്കുറിച്ച് നമുക്ക് തുടർന്നുള്ള അദ്ധ്യായങ്ങളിൽ പഠിക്കാം. ഇന്ന് സഭാ വളർച്ചക്ക് അടിസ്ഥാനമായിരിക്കുന്ന ഈ ഘടകങ്ങൾ അപ്പോസ്തലന്മാരുടെ കാലഘട്ടത്തിൽ എന്തുകൊ് പ്രായോഗികമായി ഉപയോഗിക്കപ്പെട്ടില്ലാ എന്നത് തികച്ചും ആശ്ചര്യകരംതന്നെ!

"ഞാൻ അത് ചെയ്തു, ഇത് ചെയ്തു, അതുകൊ് എന്റെ സഭ വളർന്നു" എന്നൊക്കെ വളർച്ച പ്രാപിച്ച സഭയിലെ പാസ്റ്റർമാർ പറയുന്നതുകേൾക്കാം. അതുകൊ് നിങ്ങളും അങ്ങനെ ചെയ്താൽ നിങ്ങളുടെ സഭ തീർച്ചയായും വളരും. സത്യത്തിൽ അവർ ചെയ്ത പ്രവർത്തിയുടെ ഫലമല്ല അവരുടെ സഭയുടെ വളർച്ച. കാരണം ഇവരുടെ മാതൃകയെ പിൻപറ്റി സഭയെ വളർത്താൻ യത്നിച്ച പാസ്റ്റർമാർ പലരും അവരുടെ ലക്ഷ്യത്തിൽ പരാജയപ്പെട്ടതായി കാണാം..

"ഞങ്ങളുടെ പട്ടണത്തിൽ പിശാചിനെതിരെ വെല്ലുവിളി ഉയർത്തിയപ്പോൾ, പട്ടണത്തിൽ ഉണർവ്വ് വ്യാപരിച്ചു" ചില പാസ്റ്റർമാർ അവകാശപ്പെടുന്നു. "അതുകൊ് നിങ്ങളും ഇങ്ങനെ ചെയ്താൽ നിങ്ങളുടെ സഭ തീർച്ചയായും വളരും." വളർച്ച കാംക്ഷിക്കുന്ന സഭകളോടു അവർക്കുള്ള ഉപദേശം ഇതാണ്.

എന്നാൽ കഴിഞ്ഞ 2000 വർഷം കൊുള്ള സഭാ ചരിത്രത്തിൽ സഭയിലുായ ശക്തമായ ഉണർവ്വിന്റെ പിന്നിൽ ഈ വിധത്തിലുള്ള ഒരു വെല്ലുവിളി ഉായിരുന്നുവോ? ചിശാചിനെ വെല്ലുവിളിക്കുന്നതിലാണ് ഉണർവ്വ് വ്യാപിച്ചിരിക്കുന്നത് എന്ന് ചിന്തിക്കുന്നവർക്ക് തെറ്റുപറ്റി. ഐക്യത്തോടുകൂടിയ പ്രാർത്ഥന ഒരു പട്ടണത്തിൽ ഉയരുമ്പോൾ ഉണർവ്വിന്റെ അലകൾ അവിടെ ഉയരും. ഉണർവ്വ് എന്നത് തക്ക സമയത്ത് തക്ക സ്ഥലത്ത് സംഭവിക്കുന്ന പരിശുദ്ധാത്മാവിന്റെ വ്യാപാരത്തിന്റെ ഫലമാണ് (ഇതിൽ പൂർണ്ണ അധികാരം പരിശുദ്ധാത്മാവിനാണ്).

പിശാചിനോട് വെല്ലുവിളിച്ചതിന്റെ ഫലമാണ് ഉണർവ്വ് എങ്കിൽ ആ ഉണർവ്വ് ക്രമേണ കെട്ടുപോകുമോ? പിശാചിനോട് വെല്ലുവിളിക്കുന്നതാണ് ഉണർവ്വിന്റെ ഉൾക്കാമ്പ് എങ്കിൽ ആ പട്ടണത്തിലുള്ള ഓരോരുത്തരും എന്തുകൊ് കർത്താവിങ്കലേക്ക് വരുന്നില്ല?

പരിശുദ്ധാത്മാവിന്റെ സഹായത്തോടുള്ള പ്രാർത്ഥന, പ്രഭാഷണം ഉപദേശം, ശിഷ്യന്മാരെ വാർത്തെടുക്കൽ, ഇത്യാദി ക്രിയകളാണ് സഭയുടെ വളർച്ചക്ക് ആധാരമെന്ന് വചനം പഠിപ്പിക്കുന്നു.

ഈ പറഞ്ഞതിലുപരി സഭയുടെ വളർച്ചക്ക് ദൈവം ചില വ്യക്തികളെ ഉയർത്തുന്നതായി കാണാൻ കഴിയും. എങ്കിലും പട്ടണത്തിലെ ജനങ്ങൾ അനുതപിക്കുകയോ, അനുതപിക്കാതിരിക്കുകയോ ചെയ്യാം. യേശു പോലും പല പട്ടണങ്ങളിലും ശുശ്രൂഷിക്കാൻ കഴിയാതെ മടങ്ങിയതായി വചനം പറയുന്നു. കാരണം ജനത്തിന്റെ മേൽ അനുതാപം വന്നില്ല.

ഇതിൽനിന്നു നാം അറിയേ ഒരു സത്യമു് - സഭയെ പണിയാനും വളർത്താനും വചനാടിസ്ഥാനത്തിലുള്ള മാതൃക പിൻപറ്റണം. സഭയുടെ നിർമ്മാണത്തിന്റെ ഘടകങ്ങൾ - തടി, പുല്ല്, വൈക്കോൽ - ഇവയാൽ പ ണിയപ്പെട്ടാൽ തീയിൽ ശോധന ചെയ്യപ്പെടുമ്പോൾ അവയ്ക്ക് നിലനിൽപ്പു ാകുകയില്ല (1കൊരി 3:12-15).

അവസാനമായി, വളർച്ച എന്നു പറയുന്നത് സഭയിൽ അംഗസംഖ്യ കൂട്ടുന്നതല്ല നിലവിലുള്ള അംഗങ്ങളെ ശിഷ്യന്മാരാക്കി മാറ്റുക എന്നതാണ്. ന ാം ശിഷ്യന്മാരെ നേടുമ്പോൾ സഭ വളരുന്നു, തന്മൂലം ദൈവനാമം മഹത്വപ്പെടുന്നു!